ഉത്തരം

(എ) പാചകവാതക വിതരണത്തിൽ ക്രമക്കേട് നടത്തിയ ഏജൻസികൾക്കെതിരെ സംസ്ഥാന സർക്കാരും ഓയിൽ കമ്പനികളും സ്വീകരിച്ച നടപടികളുടെ വിശദാംശം യഥാക്രമം അനുബന്ധം ഒന്നും രണ്ടും പ്രകാരം കൊടുത്തിരിക്കുന്നു.*

(ബി) ഇത് സംബന്ധിച്ച പരാതികൾ പരിഹരിക്കുന്നതിന് സിവിൽ സപ്ലൈസ് ഉദ്യോഗസ്ഥർ നിരന്തരം പരിശോധനകൾ നടത്തി കുറ്റക്കാർക്കെതിരെ 2000-ലെ എൽ.പി.ജി. റഗുലേഷൻ ഓർഡർ പ്രകാരവും സർക്കാർ നടപടി സ്വീകരിക്കുന്നുണ്ട്. കൂടാതെ ബന്ധപ്പെട്ട ഓയിൽ കമ്പനികൾ ഗ്യാസ് ഏജൻസികളിൽ പരിശോധന നടത്തുകയും ക്രമക്കേടുകൾ കണ്ടെത്തുന്ന ഏജൻസികൾക്കെതിരെ മാർക്കറ്റിംഗ് ഡിസിപ്ലിൻ ഗൈഡ് ലൈൻസ് പ്രകാരം സസ്പെൻഷൻ/ഏജൻസി റദ്ദാക്കൽ ഉൾപ്പെടെയുള്ള നടപടി സ്വീകരിക്കുകയും ചെയ്യുന്നു.

സിലിണ്ടറുകൾക്ക് പകരം പാചകവാതകലൈൻ വഴിയുള്ള ഗ്യാസ് വിതരണം

60 (2538) ശ്രീ. യു. സി. രാമൻ :

ശ്രീ വി കെ ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പാചകവാതകം, സിലിണ്ടറിൽ ആക്കി ഉപഭോക്താക്കൾക്ക് എത്തിച്ചുകൊടുക്കുന്ന ഇന്നത്തെ രീതിയിൽ എന്തെങ്കിലും മാറ്റം വരുത്തുന്നതിന് ആലോചനയുണ്ടോ ;

(ബി) എങ്കിൽ സിലിണ്ടറുകൾക്കുപകരം പാചകവാതകലൈൻ വഴിയുള്ള വിതരണം സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

(എ&ബി) സംസ്ഥാനത്ത് നിലവിലുള്ള പാചകവാതക സംവിധാനത്തിനു പുറമേ കൊച്ചിയിൽ എൽ.എൻ.ജി. ടെർമിനൽ വരുന്ന പശ്ചാത്തലത്തിൽ, പാചകവാതകം പൈപ്പുവഴി വീടുകളിൽ വിതരണം നടത്തുന്ന സംവിധാനത്തെപ്പറ്റി ആലോചിക്കുന്നുണ്ട്. പെട്രോളിയം ആന്റ് നാചറൽ ഗ്യാസ് റെഗുലേറ്ററി ബോർഡ് (പി.എൻ.ജി.ആർ.ബി.) ആദ്യപടിയായി എറണാകുളം ജില്ലയിൽ പദ്ധതി നടത്തുന്നതിന് ഡവലപ്പർ കമ്പനികളിൽ നിന്നും ബിഡ് വിളിച്ചിട്ടുണ്ട്. ഘട്ടം ഘട്ടമായി മറ്റു ജില്ലകളിലും ബിഡ് വിളിക്കാൻ പി.എൻ.ജി.ആർ.ബി.ക്ക് പദ്ധതിയുണ്ട്. നിലവിലുള്ള സംവിധാനത്തിനു പുറമേ പാചക വാതക ലൈൻ സ്ഥാപിക്കുന്നതിനാണ് ഈ പദ്ധതി ഉദ്ദേശിച്ചിട്ടുള്ളത്.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly